## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *242 20/12/2012 ൽ മറുപടിയ്ക്ക്

## ലാന്റ് ഗവേണൻസ് സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. വി. ശശി<br>ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി 03.03.12 ലെ G.O(MS) No. 93/12/RD പ്രകാരം രൂപീകരിക്കുകയും, 22.10.2012 ലെ TVC/TC/1751/2012 നമ്പരായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>പൊതു, സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിദഗ്ധവും ശാസ്ത്രീയവും ആയ പരിപാലനവും, ഫലപ്രദമായ വിനിയോഗവുമാണ് ലാന്റ് ഗവേണൻസ് സൊസൈറ്റിയുടെ മുഖ്യ പ്രവർത്തന ലക്ഷ്യം. സൊസൈററിയുടെ മറ്റ് പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | റവന്യൂ റിക്കവറി പ്രകാരം പിടിച്ചെടുത്ത എത്ര ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ? ഇത്തരത്തിലുള്ള ഭൂമി വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?എങ്കിൽ വില്പന നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | റവന്യൂ റിക്കവറി പ്രകാരം സംസ്ഥാനത്തൊട്ടാകെ 662 കേസുകളിലായി ഏറ്റെടുക്കപ്പെട്ട 231.3207 ഹെക്ടർ ഭൂമി കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം പിടിച്ചെടുത്ത് ലാന്റ് ബാങ്കിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു സാധിക്കാത്ത സാഹചര്യങ്ങളിൽ കെ..ആർ.ആർ. ആക്ട് പ്രകാരം ഒരിക്കൽ കൂടി പൊതു ലേലത്തിൽ വച്ച് വിൽക്കുകയാണ് രീതി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കേരള ലാന്റ് ഗവേണൻസ് സൊസൈറ്റിയുടെ പ്രവർത്തനലക്ഷ്യങ്ങൾ :**

1. സർക്കാർ അധികാരപ്പെടുത്തുന്നതു പ്രകാരമുള്ള എല്ലാ തരത്തിലുമുള്ള ഭൂമിയുടേയും (സർക്കാർ, സ്വകാര്യ) കണക്ക് തയ്യാറാക്കുക.
2. സർവ്വേ അതിരടയാള നിയമത്തിലെ ചട്ടം 82 പ്രകാരം സർക്കാർ ഭൂമിയുടെ സർവ്വേ നടത്തി തരം തിരിക്കുക.
3. കാര്യക്ഷമവും കുറ്റമറ്റതുമായ സേവനം ഉറപ്പു വരുത്തുന്നതിനു വേണ്ടി വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക
4. ലാന്റ് റവന്യൂ ഈടാക്കുന്നതിനുള്ള ലളിതവും സുതാര്യവുമായ നടപടിക്രമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
5. സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി കേന്ദ്ര, സംസ്ഥാന,അന്താരാഷ്ട്ര ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി കരാറിലേർപ്പെട്ട് പഠനങ്ങൾ നടത്തുകയും കൺസൾട്ടൻസി സേവനങ്ങൾ നൽകുകയും ചെയ്യുക.
6. സർക്കാർ, സ്വകാര്യ ഭൂമിയുടെ അടുക്കും ചിട്ടയോടും കൂടിയ സംരക്ഷണം ഉറപ്പാക്കുക.
7. ഡിജിറ്റൽ ലൈബ്രറികൾ, വെബ് മാനേജ്മെന്റ് സെന്റർ, ഡേറ്റ സെന്റർ എന്നിവ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
8. ലാന്റ് ഗവേണൻസിനെ സംബന്ധിക്കുന്ന പ്രഭാഷണങ്ങളും, സെമിനാറുകളും, വർക്ക് ഷോപ്പുകളും ചർച്ചകളും സംഘടിപ്പിക്കുക.
9. ഭൂപരിഷ്കരണം, ഭൂമി ഏറ്റെടുക്കൽ, ഭൂ ഉടമസ്ഥാവകാശം മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങൾ, ചട്ടങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ രൂപീകരിക്കുന്നതിന് സർക്കാരിന് വേണ്ട ശുപാർശ സമർപ്പിക്കുക.
10. മുകളിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമെന്നോ അനുയോജ്യമെന്നോ സൊസൈറ്റി കരുതുന്ന മറ്റു പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.